

# സമ്പൂർണ്ണകൃതികൾ: ഭാഗം IV

കെ. ദാമോദരൻ



## 2. ആര്യന്മാരുടെ വിജയം

സമ്പൂർണ്ണകൃതികൾ: ഭാഗം IV

കെ. ദാമോദരൻ

(മലയാളം: രാഷ്ട്രീയം, ചരിത്രം)

കെ. ദാമോദരൻ എഡിറ്റോറിയൽ കമ്മിറ്റി

- ആന്റണി തോമസ്
- സി. എൻ. ജയദേവൻ
- എം. പി. അച്യുതൻ
- ഐ. വി. ശശാങ്കൻ
- ഡോ. വള്ളിക്കാവ് മോഹൻദാസ്

© 2009–2020 Prabhatham Printing & Publishing Co. (P) Ltd., Trivandrum, owned by Communist Party of India, Trivandrum.

Printed editions published by Prabhatham Printing & Publishing Co. (P) Ltd.

First published in print media 2009.

The electronic versions are released under the provisions of Creative Commons Attribution By Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Mansu Hill Grand Monument, a picture of sculpture by Jennybento. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഉള്ളടക്കം


2 ആര്യന്മാരുടെ വിജയം . . . . . . . . . . . . . . . . . . . . 1

1 ആര്യന്മാരും അനാര്യന്മാരും . . . . . 2

2 ഭൗതികജീവിതത്തിന്റെ ആരാധകന്മാർ 3

3 ദൈവങ്ങളുടെ ഉപയോഗം . . . . . . . 4

4 ദസ്യുക്കൾ തോറ്റതെന്തുകൊണ്ട്? . . . 5

# 2

# ആര്യന്മാരുടെ വിജയം

# 1 ആര്യന്മാരും അനാര്യന്മാരും

ആര്യൻ എന്ന വാക്കിന് കുലീനൻ അല്ലെങ്കിൽ ഉയർന്ന കുലത്തിലുള്ളവൻ എന്നാണർത്ഥം. തങ്ങൾ ഇന്ത്യയിലെ ആദിമനിവാസികളേക്കാൾ ശ്രേഷ്ഠന്മാരും കുലീനൻമാരുമാണെന്ന വിശ്വസിച്ചിരുന്ന ആര്യന്മാർ സ്വയം സ്വീകരിച്ച പേരാണത്. വടക്കേ ഇന്ത്യയിലെ പരിഷ്കൃതരായ പ്രാചീനനിവാസികളെ ആക്രമിച്ച കീഴടക്കിയതിനുശേഷം മാത്രമാണ് പുതിയ നിവാസികൾ ആര്യന്മാർ എന്ന പേരിലറിയപ്പെടാൻ തുടങ്ങിയത്. ഇന്ത്യയിലെ ആദിമനിവാസികളെ അവർ മ്ലേച്ഛന്മാർ എന്നും ദസ്യുക്കൾ എന്നും ദാസന്മാർ എന്നും വിളിച്ചു. ദാസൻ എന്ന പദത്തിന് ആദ്യം ശത്രു എന്നർത്ഥമായിരുന്നു. കീഴടക്കപ്പെട്ട ആദിമനിവാസികളെക്കൊണ്ട് ആര്യന്മാർ തങ്ങളുടെ ഭൃത്യവേലകൾ ചെയ്യിക്കാൻ തുടങ്ങിയതിനുശേഷമാണ് ദാസൻ എന്ന വാക്കിന് അടിമ എന്ന പുതിയൊരർത്ഥമുണ്ടായത്.

ക്രി. മു. രണ്ടാം സഹസ്രാബ്ദത്തിന്റെ ആരംഭകാലത്ത് വടക്കുപടിഞ്ഞാറേ ഇന്ത്യയിലുണ്ടായിരുന്ന ജനങ്ങളെപ്പറ്റി ആര്യന്മാരുടെ വേദങ്ങൾ തന്നെ പ്രസ്താവിക്കുന്നുണ്ട്. അവർ 'വിശക' (ഗോത്ര)ങ്ങളായി വിഭജിക്കപ്പെട്ടിരുന്നു. അവർ 'കൃഷ്ണത്വചൻമാ (കറുത്ത നിറമുള്ളവ)രും' പരന്ന മൂക്കുള്ളവരുമായിരുന്നു. അവരുടെയിടയിൽ ധനികന്മാരായ വണിക്കുകൾ ഉണ്ടായിരുന്നു. അവർ 'അയശിപുര'ങ്ങളിൽ (മതിൽക്കെട്ടുകളോടുകൂടിയ ഭവനങ്ങളിൽ) ആണ് പാർത്തിരുന്നത്. അവർ കരിയും നുകയും ഉപയോഗിച്ച് കൃഷിചെയ്തിരുന്നു. കന്നുകാലികളെ പോറ്റി വളർത്തിയിരുന്നു. രോമം കൊണ്ടും പരുത്തി കൊണ്ടുമുള്ള തുണിത്തരങ്ങൾ നെയ്തുണ്ടാക്കിയിരുന്നു. മൺപാത്രങ്ങളും ചെമ്പുപാത്രങ്ങളും സ്വർണ്ണം കൊണ്ടും വെള്ളികൊണ്ടുമുള്ള പലതരം ആയുധങ്ങളും അവർക്കുണ്ടായിരുന്നു.

ദസ്യുക്കളുടെ സംസ്കാരം ആര്യന്മാരുടേതിനേക്കാൾ ഉയർന്നതായിരുന്നുവെന്നതിന് ഋഗ്വേദം തന്നെ സാക്ഷ്യം വഹിക്കുന്നുണ്ട്. അവരുടെ കോട്ടകൾ വളരെ പ്രബലങ്ങളായിരുന്നുവെന്ന വർണിക്കപ്പെട്ടിരിക്കുന്നു. അവരുടെ മതവിശ്വാസങ്ങളും കൂടുതൽ ഉയർന്ന നിലവാരത്തിലെത്തിയിരുന്നു. പ്രകൃതിശക്തികളായിരുന്നില്ല അവരുടെ പ്രധാന ദൈവങ്ങൾ. ശിവപൂജയും ലിംഗപൂജയും ദേവീപൂജയുമാണവർക്കുണ്ടായിരുന്നത്. ആര്യന്മാരുടെ ദൈവങ്ങളെ സ്തുതിക്കാത്തവരും പുരോഹിതന്മാർക്കു ദാനം കൊടുത്തവരുമായിട്ടാണ് അവർ വേദങ്ങളിൽ വർണിക്കപ്പെടുന്നത്.

പരിഷ്കൃതരായ ഈ ആദിമനിവാസികളുമായി ഇടവിടാതെ യുദ്ധം വെട്ടിക്കൊണ്ടാണ് ആര്യന്മാർ ആദ്യം പഞ്ചാബിലെ ഫലഭൂയിഷ്ഠമായ നദീതീരപ്രദേശങ്ങളിലും, പിന്നീട് മെല്ലെമെല്ലെ ഗംഗാതീരങ്ങളിലും പാർപ്പുറപ്പിച്ചത്. വടക്കുപടിഞ്ഞാറേ ഇന്ത്യയിലെ ആര്യാവർത്തമാക്കി മാറ്റാൻ വേണ്ടി നടത്തപ്പെട്ട രക്തപങ്കിലമായ അനേകം യുദ്ധങ്ങളെപ്പറ്റി പ്രാചീന സാഹിത്യകൃതികൾ വിവരിക്കുന്നുണ്ട്.

മോഹൻജദാരോ-ഹാരപ്പാ സംസ്കാരങ്ങൾ ക്രി.മു. 1500 വരെ നിലനിന്നിരുന്നുവെന്നതിനു തെളിവുകളുണ്ട്. അതുകൊണ്ട് ക്രി.മു. 2500-ാമാണ്ടോടുകൂടി ഇന്ത്യയിൽ പ്രവേശിച്ച ആര്യന്മാർ ക്രി.മു. 1500-ാമാണ്ടോടുകൂടി മാത്രമാണ് പ്രബലരായ ദസ്യുക്കളെ തോല്പിച്ച് പഞ്ചനദം ജയിച്ച് യമുനാ തടത്തിലെത്തിയതെന്നനുമാനിക്കാം.

## 2 ഭൗതികജീവിതത്തിന്റെ ആരാധകന്മാർ

ചിലർ തെറ്റിദ്ധരിക്കുന്നതുപോലെ ആര്യന്മാർ ലൗകികജീവിതത്തിൽ നിന്നെല്ലാമകന്നൊഴിഞ്ഞ് പരബ്രഹ്മത്തെ മാത്രം സ്മരിച്ചു കൊണ്ട് വനാന്തരങ്ങളിൽ കഴിച്ചുകൂട്ടിയ മഹർഷിമാരായിരുന്നില്ല. മരണാനന്തര ജീവിതത്തെപ്പറ്റി സ്വപ്നം കാണുകയല്ല, ഭൗതികജീവിതം അഭിവൃദ്ധിപ്പെടുത്താനുള്ള മാർഗ്ഗങ്ങളാരായുകയാണവർ ചെയ്തത്. അഹിംസയല്ല, മൂർച്ചയേറിയ അമ്പും വില്ലുമാണവരുടെ കയ്യിലുണ്ടായിരുന്നത്. അവർ അന്തർദൃക്കുകളായ ആത്മീയവാദികളായിരുന്നില്ല. അവർ പശുമാംസം ഭക്ഷിച്ചിരുന്നു. അവർക്ക് എഴുതാനും വായിക്കാനും അറിഞ്ഞുകൂടായിരുന്നു. ഇന്ത്യയിലെ ആദിമനിവാസികളെപ്പോലെ ലിപികളുപയോഗിക്കാൻ അവർ പഠിച്ചുകഴിഞ്ഞിരുന്നില്ല. അവർ തികച്ചും അപരിഷ്കൃതരായിരുന്നു.

പക്ഷേ, അവർ ജീവിക്കാനാഗ്രഹിച്ചു. അതുകൊണ്ടവർ മരണത്തെ വകവെച്ചില്ല. അവർ കൂട്ടം കൂട്ടമായിച്ചെന്ന് അനാര്യന്മാരായ ആദിമനിവാസികളുടെ കന്നുകാലികളേയും മറ്റു സ്വത്തുക്കളേയും കൊള്ളയടിച്ചു. ആദിമനിവാസികളുമായി ഇടതടവില്ലാതെ യുദ്ധങ്ങൾ നടത്തി. യുദ്ധങ്ങളിൽ കുതിരകളെ ഉപയോഗിക്കാനവർ പഠിച്ചിരുന്നു. ആദിമനിവാസികളുടേതിനേക്കാൾ പരിഷ്കരിച്ച അമ്പും വില്ലു അവർക്കുണ്ടായിരുന്നു. ഇരുമ്പുകവചത്തെപ്പറ്റിയുള്ള വർണനകൾ ഋഗ്വേദത്തിലുള്ളതുകൊണ്ട് ഇരുമ്പുപണിയിൽ അവർ വൈദഗ്ധ്യം നേടിയിരുന്നു എന്നു വിശ്വസിക്കാം. എച്ച്.ജി. വെൽസ് തന്റെ 'ലോകചരിത്ര സംഗ്രഹ'ത്തിൽ ചൂണ്ടിക്കാണിക്കുന്നതു നോക്കുക:

"ആര്യന്മാർ കാളകളെ പൂട്ടി നിലമുഴുത് ഗോതമ്പ് കൃഷി ചെയ്തിരുന്നുവെങ്കിലും ആ കൃഷിസ്ഥലങ്ങൾക്കരികെ താമസമുറപ്പിച്ചിരുന്നില്ല. വിള കൊയ്തെടുത്താൽ അവർ താമസം മാറ്റും. അവരുടെ കൈയ്യിൽ പിച്ചള എന്ന ലോഹമുണ്ടായിരുന്നു. ഏകദേശം 1500—ാമാണ്ടിനടുത്ത് അവർ ഇരുമ്പും കൈവശമാക്കി. അവരായിരിക്കാം ആദ്യം ഇരുമ്പുണ്ടാക്കുന്ന വിദ്യ കണ്ടുപിടിച്ചത്. ഏതാണ്ടാകാലത്തു തന്നെയായിരിക്കാം, അവർക്ക് കുതിരയെ കിട്ടിയതും'.

ആയുധങ്ങളുടെ ശക്തിയിൽ അവർ പൂർണ്ണമായി വിശ്വസിച്ചിരുന്നുവെന്ന് ഋഗ്വേദത്തിൽ കാണുന്ന അവരുടെ ചില പാട്ടുകൾ തെളിയിക്കുന്നുണ്ട്. പ്രതിബന്ധങ്ങളെ തട്ടിത്തകർത്തുകൊണ്ട് ജീവിക്കാനും യുദ്ധങ്ങളിൽ വിജയം നേടാനുമുള്ള വെമ്പൽ ആ പാട്ടുകളിൽ ഉടനീളം പ്രതിഫലിച്ചു കാണാം. നോക്കുക:

> പടച്ചട്ടയണിഞ്ഞ പടയാളി
> സമരാങ്കണത്തിനിറങ്ങുമ്പോൾ
> അവന്റെ മുഖം ഇടിമുഴക്കം നിറഞ്ഞ മേഘം
> പോലാകുന്നു.
> ശരീരത്തിന് തെല്ലും മുറിവ് പറ്റാതെ നീ
> വിജയിയാവട്ടെ!
> പടച്ചട്ടയുടെ കരുത്ത് നിന്നെ രക്ഷിക്കട്ടെ!
> വില്ലുകൊണ്ടു നാം കന്നുകാലികളെ നേടും!
> വില്ലുകൊണ്ടു നാം യുദ്ധത്തിൽ വിജയം നേടും!
> വില്ലുകൊണ്ടുതന്നെ നാം വമ്പിച്ച സമരങ്ങളിലെല്ലാം
> വിജയം നേടും!
> വില്ലു ശത്രുവിനെ നശിപ്പിക്കും; വില്ലുകൊണ്ടു നാം
> നാടുകൾ പിടിച്ചടക്കും.
>
> പ്രിയ സുഹൃത്തായ വില്ലിനെ
> പുണർന്നുപിടിച്ചുകൊണ്ട് എന്തോ
> മന്ത്രിക്കാനെന്നപോലെ, ഞാൺ
> ചെവികളോടടുക്കുന്നു.
>
> നമ്മെ വിജയത്തിലേക്കു നയിക്കുന്ന ആ തന്തു
> വില്ലിൽ നീളെ എത്തിപ്പിടിച്ചുകൊണ്ട് ഒരു
> പെൺകിടാവിനെപ്പോലെ ചെവിയിൽ
> സീൽക്കാരശബ്ദം പുറപ്പെടുവിക്കുന്നു!
>
> മരണസമയത്തുപോലും ആത്മശാന്തിക്കുള്ള
> പ്രാർത്ഥനയല്ല, അധികാരത്തിനും
> സമരത്തിനും വേണ്ടിയുള്ള പ്രതിജ്ഞയാണവർ
> നടത്തിയിരുന്നത്. പുരുഷൻ മരിക്കുമ്പോൾ
> അയാളുടെ കൈയ്യിൽ ഒരമ്പും വില്ലും പിടിപ്പിക്കും.
> ശവസംസ്കാരത്തിനുമുമ്പ് താഴെ കൊടുക്കുന്ന
> അർത്ഥം വരുന്ന ഒരു ശ്ലോകോച്ചാരണത്തോടെ
> അത് തിരിച്ചെടുക്കും.
>
> 'നമ്മുടെ അധികാരത്തിനും ഐശ്വര്യത്തിനും
> ശക്തിക്കും വേണ്ടി, മരിച്ചവന്റെ കൈയ്യിൽ നിന്നും
> ഞാൻ ഈ വില്ലെടുക്കുന്നു.
>
> നീ അന്ത്യവിശ്രമം കൊള്ളുന്ന ഈ സ്ഥലത്തുപോലും
> ഞങ്ങൾ ധീരരായ പടയാളികളെപ്പോലെ
> ശത്രുക്കളുടെ എല്ലാ ആക്രമണങ്ങളേയും
> പരാജയപ്പെടുത്തുന്നവരായിത്തീരട്ടെ!

മരണത്തിന്റെ കരിനിഴലിൽവെച്ചുപോലും യുദ്ധത്തെപ്പറ്റിയുള്ള ചിന്തയ്ക്ക് പ്രാധാന്യം നൽകുന്ന ഈ പ്രതിജ്ഞാമന്ത്രം പ്രാചീനാര്യൻമാരുടെ സമരശൂരതയെ തികച്ചും വെളിപ്പെടുത്തുന്നുണ്ട്.

## 3 ദൈവങ്ങളുടെ ഉപയോഗം

പക്ഷേ, ആര്യന്മാരുടെ വരവിനു മുമ്പുതന്നെ സംസ്കാരത്തിന്റെ ഒരു ഘട്ടംവരെ വളർന്നുകഴിഞ്ഞിരുന്ന അനാര്യസമുദായത്തെ എതിർത്തു തോൽപ്പിക്കുക അത്ര എളുപ്പമായിരുന്നില്ല. അതുകൊണ്ടു ശത്രുധ്വംസനത്തിന് ആര്യന്മാർക്കു ദൈവത്തേക്കൂടി സഹായത്തിന് വിളിക്കേണ്ടിവന്നു. ഋഗ്വേദത്തിൽ പലേടത്തും ആവർത്തിച്ചു കാണുന്ന ഒരു പ്രാർത്ഥനയിതാണ്:

> ‘ഞങ്ങൾ നാലുഭാഗത്തും ദാസൻമാരുടെ ഗോത്രങ്ങളാൽ ചുറ്റപ്പെട്ടിരിക്കുന്നു. അവർ യാഗം ചെയ്യുന്നില്ല; അവർ യാതൊന്നിലും വിശ്വസിക്കുന്നില്ല; അവരുടെ ആചാരങ്ങൾ വ്യത്യസ്തങ്ങളാണ്; അവർ മനുഷ്യരല്ല! അല്ലയോ ശത്രുക്കളുടെ നാശകർത്താവേ, അവരെ കൊല്ലുക! ദാസൻമാരുടെ വംശത്തെ നശിപ്പിക്കുക’ (ഋഗ്വേദം 1 — 22 — 8).

തങ്ങളെ യുദ്ധത്തിൽ സഹായിക്കുന്ന പ്രധാന ദൈവം ഇന്ദ്രനാണെന്നായിരുന്നു അവരുടെ വിശ്വാസം, അതുകൊണ്ട് ഇന്ദ്രന്റെ ശക്തിയെ അവർ വീണ്ടും വീണ്ടും പാടിപ്പുകഴ്ത്തുന്നു;

> ‘പലരുടെയും അപേക്ഷകളനുസരിച്ച് ദേവേന്ദ്രൻ തന്റെ സേനകളോടുകൂടി വന്ന്, ഭൂമിയെ അധിവസിച്ചിരുന്ന ദസ്യുക്കളെ ഇടിമിന്നൽ കൊണ്ട് നശിപ്പിച്ചശേഷം വയലുകളെല്ലാം തന്റെ വെളുത്ത ചങ്ങാതിമാർക്ക് (ആര്യന്മാർക്ക്) വീതിച്ചുകൊടുത്തു. ദേവേന്ദ്രൻ സൂര്യനെ ഉദിപ്പിക്കുകയും മഴ പെയ്യിക്കുകയും ചെയ്യുന്നു’. (ഋഗ്വേദം 1-100-8).

ഇന്ദ്രന്റെ പരാക്രമങ്ങളെപ്പറ്റി പലേടത്തും പ്രസ്താവിക്കപ്പെട്ടിട്ടുണ്ട്. ഇന്ദ്രൻ പയോദകത്തെ കൊന്നു; വെള്ളത്തെ വീഴ്ത്തി; അദ്രികളെ പിളർത്തി; ദസ്യുക്കളെ കൊന്നു — മറ്റും മറ്റും.

ശത്രുക്കളുമായുള്ള യുദ്ധത്തിൽ പ്രധാനമായും ഇന്ദ്രനോടാണ് സഹായമഭ്യർത്ഥിക്കുന്നത്. ചില പ്രാർത്ഥനകൾ കേൾക്കുക;

> ‘ഇന്ദ്ര! ഇമ്പവും കുസലില്ലായ്മയും പൂണ്ട ഭവാൻ കൂട്ടമിട്ട മായാവികളുടെ നേർക്കു തീക്ഷ്ണമായ ഒളിമിന്നുന്ന ഇടിവാൾ അയച്ചപ്പോൾ, വമ്പിച്ച ദ്യോവിന്റെ കൊടുമുടി കുലുങ്ങിപ്പോയി! ഭവാൻ സ്വയം ആക്രമിച്ച് ശംബരനെ [1] പിളർത്തി.
>
> അവിടുന്നാണെല്ലോ ഒലികൂട്ടിക്കൊണ്ട് വെള്ളത്തെ വായുവിൻറേയും പതംപരത്തുന്ന പകലിന്റെയും മുകളിലെത്തിക്കുന്നത്;
>
> പിൻമാറാത്ത ശത്രുവധപ്രവണമായ തിരുവുള്ളംകൊണ്ട് അത് ഇന്നും ചെയ്തുവരുന്നു. ആരുണ്ട് അങ്ങയ്ക്കുമീതെ!
>
> ഇന്ദ്ര! സുഖത്താൽ വളരുന്ന യശസ്സും ശത്രുധർഷകമായി മഹത്തായി തഴച്ച ബലവും ഞങ്ങൾക്കു കൈവരുത്തുക; ഞങ്ങളെ ധനവാന്മാരാക്കി രക്ഷിക്കുക; വിദ്വാൻമാരെ പാലിക്കുക; ഞങ്ങൾക്ക് നല്ല സന്താനങ്ങളും അന്നവും തന്നരുളുക’ (അ. 1 സൂ. 54).
>
> ഇന്ദ്ര! അങ്ങ് തൊണ്ണൂറു നദികളുടെ അപ്പുറത്ത് യജ്ഞവിഹീനരെ നിലം പൊത്തിച്ച് കുഴിയിൽ തള്ളി.
>
> വജ്രിൻ! അവിടുന്ന് ഞങ്ങളെ ഈ ദുർഗതിയിൽ നിന്നും യുദ്ധം വന്നാൽ പാപത്തിൽ നിന്നും രക്ഷിക്കണം. ഞങ്ങൾക്ക് അന്നത്തിനും യശസ്സിനും സൂനൃതോക്തിക്കും വേണ്ടി തേരുകൾ, കുതിരകൾ മുതലായ ധനവും തന്നരുളണം!
>
> ധനങ്ങൾ കൊണ്ടു പൂജിക്കപ്പെടേണ്ടവനെ! അങ്ങയുടെ ആ സന്മനസ്സ് ഞങ്ങളെ വിട്ടുപോകരുത്. അന്നങ്ങൾ ഞങ്ങളെ ചുഴലട്ടെ! മഘവാവേ, ധനപതിയായ ഭവാൻ ഞങ്ങളെ ഗോക്കളിൽ കൊണ്ടാക്കിയാലും! അങ്ങയെ സ്തുതിച്ചുപോരുന്ന ഞങ്ങൾ ഇമ്പം കൊള്ളുമാറാകട്ടെ!’ (ഒന്നാമഷ്ടകം. അ. 18, സൂ. 121).
>
> ‘അവിടുന്ന് പറന്നിരുന്ന പർവതങ്ങളെനങ്ങാതെയാക്കി; മേഘജാലങ്ങളുടെ ഒഴുകൽ താഴത്തേക്കാക്കി; വിശ്വംഭരയായ ഭൂവിനെ താങ്ങി; ദ്യോവിനെ ഉപായം കൊണ്ട് വീഴാതുറപ്പിച്ചു.
>
> ഇന്ദ്ര! രക്ഷിതാവായ ഭവാനെ ഞങ്ങൾ വിളിക്കുന്നു; ഇന്ദ്ര! കർമ്മവും അന്നവും തരുവാനാണല്ലോ ഭവാൻ. ഇന്ദ്ര! വിവിധരക്ഷകൾ കൊണ്ട് ഞങ്ങളെ വലിയ ധനികന്മാരാക്കിയാലും!’ (രണ്ടാമഷ്ടകം. അ. 2, സൂ. 17).

ഹരപ്പയിലും മോഹൻജദാരോവിലും മറ്റുമുണ്ടായിരുന്ന ദ്രാവിഡരുടെ പ്രബലങ്ങളായ ദുർഗ്ഗങ്ങളെ ആര്യന്മാർ ഇടിച്ചുതകർത്തത് ഇന്ദ്രന്റെ സഹായത്തോടുകൂടിയാണ്! അതുകൊണ്ടാണ് ദേവേന്ദ്രന് പുരന്ദരൻ എന്ന പേരുണ്ടായത്.

വരുണനാണ് ആര്യന്മാരുടെ മറ്റൊരു പ്രധാനദൈവം. വരുണൻ മഹാപ്രതാപിയായ ഒരു ദൈവമാണ്! രണ്ടു ലോകങ്ങളെയും അകറ്റി ആകാശത്തെ മേലോട്ടുയർത്തുകയും അങ്ങനെ ഭൂമിയേയും സ്വർഗത്തേയും വേർതിരിച്ചു വെയ്ക്കുകയും ചെയ്തത് വരുണനാണ്. നദികൾ കടലിൽ ചെന്ന് ചേരുന്നതും എന്നിട്ടും സമുദ്രങ്ങൾ കവിഞ്ഞൊഴുകാതിരിക്കുന്നതും വരുണന്റെ പ്രഭാവം കൊണ്ടാണ്. മനുഷ്യരുടെയും ദേവന്മാരുടെയും രാജാവായും ലോകഗതിയുടെ നിയന്താവായുമാണ് വരുണൻ ഋഗ്വേദത്തിൽ ചിത്രീകരിക്കപ്പെട്ടിട്ടുള്ളത്. ചില പ്രാർത്ഥനകൾ കേൾക്കുക:

> ‘വരുണൻ വൃക്ഷാഗ്രങ്ങളിൽ അന്തരീക്ഷവും കുതിരകളിൽ ബലവും പൈക്കളിൽ പാലും ഹൃദയങ്ങളിൽ കർമവും വെള്ളത്തിൽ തീയും പരത്തി. സൂര്യനെ ആകാശത്തും സോമനെ മലയിലും നിർത്തി.
>
> വരുണൻ വാന്വഴികൾക്കും അന്തരീക്ഷത്തിനും വേണ്ടി മേഘത്തിന്റെ വായ കുനിയിച്ചു. അതിനാൽ, സർവ്വഭുവനപ്പെരുമാൾ, നനയ്ക്കുന്നവൻ യവത്തെപ്പോലെ, മന്നിനെ കുതിർക്കുന്നു.
>
> ഭുവിനെയും അന്തരീക്ഷത്തേയും ദ്യോവിനേയും കുതിർക്കുന്ന വരുണൻ ജലത്തെ ഇച്ഛിക്കുമ്പോഴേക്കും മലകൾ മുകിലുടുക്കും; ബലിഷ്ഠരായ വീരന്മാർ ഇളക്കിവിടും! (മരുത്തുകൾ മേഘങ്ങളെ ഇളക്കിവിടും).
>
> അത്യുൽകൃഷ്ടപ്രജ്ഞനായ ദേവന്റെ ഈ ബുദ്ധിവൈഭവം ആരും തള്ളില്ല; ഒറ്റ സമുദ്രത്തെപ്പോലും വെള്ളം കൊണ്ടു നിറയ്ക്കുന്നില്ലല്ലോ, പ്രവഹിക്കുന്ന നദികൾ.
>
> വരുണ! ഞങ്ങൾ അര്യമാവിനോ, മിത്രനോ, സഖാവിനോ, ഭ്രാതാവിനോ, അയൽവീട്ടുകാരെന്നോ പറയാൻ കൊള്ളാത്ത വല്ല കുറ്റവും ചെയ്തിട്ടുണ്ടെങ്കിൽ അത് ഭവാൻ അഴിച്ചുനീക്കണം! (നാലാമഷ്ടകം, മ. 5, അ. 6, സൂ. 85)
>
> ‘വരുണൻ ചുറ്റും ഒളിവീശുന്ന പൊന്നിൻ ചട്ടയിട്ടു മുഴപ്പുറ്റ തിരുമെയ് മറയ്ക്കുന്നു.
>
> ഹിംസൈഷികൾ ആ ദേവനെ ഹിംസിക്കില്ല; ജനദ്രോഹികൾ ദ്രോഹിക്കില്ല; പാപങ്ങൾ സ്പർശിക്കില്ല!
>
> അദ്ദേഹം സർവ്വത്ര മനുഷ്യർക്കു തികഞ്ഞ ഭക്ഷണം നൽകി; ഞങ്ങളുടെ വയറുകൾക്കും.
>
> എന്റെ നിനവുകൾ ആ ബഹുദർശനീയന്റെ നേർക്ക്, ഗോക്കൾ തൊഴുത്തിലേക്കെന്നപോലെ പിന്തിരിയാതെ നീങ്ങുന്നു.
>
> വരുണ! എന്റെ ആ വിളി കേൾക്കുക! ഇന്ന് സുഖിപ്പിക്കുകയും ചെയ്യുക. രക്ഷയ്ക്കായി ഞാൻ അങ്ങയുടെ നേർക്കു ശബ്ദിക്കുന്നു.
>
> ഹേ മേധാവിൻ! അങ്ങ് ദ്യോവിലും ഭുവിലും — ലോകത്തിലെങ്ങും പരിശോഭിക്കുന്നു. അതിനാൽ ക്ഷേമം വരുത്താമെന്നേൽക്കുക! (ഒന്നാമഷ്ടകം. അ. 1, അ. 2, 3-ാമദ്ധ്യായം, സൂ. 25)
>
> മറ്റൊരു പ്രധാന ദൈവമാണ് അഗ്നി, അഗ്നിയെപ്പറ്റി ഋഗ്വേദത്തിലുള്ള ഒരു ഭാഗം ഇതാ:
>
> ‘അഗ്നേ! നേരേ കൊണ്ടുനടക്കുന്നവനേ! അങ്ങയെ സമീപിച്ച് നല്ലതെല്ലാം ചെയ്ത്, ഹവിസ്സർപ്പിക്കുന്ന ഞങ്ങൾ, തുലോം വീര്യമുള്ള അന്നംകൊണ്ട്, ദേവപൂജാരഹിതരായ ദ്രോഹികളെ അമർത്തുമാറാകണം
>
> അഗ്നേ! അങ്ങ് കർമ്മമേറിയ ഗോപ്രദാത്രിയായ ഭൂമിയെ സ്തോതാവിന് എന്നേക്കുമായി കിട്ടിച്ചാലും! ഞങ്ങൾക്ക് മകനും അവന്റെ മകനും ജനിക്കുമാറാകണം. അഗ്നേ! അങ്ങയുടെ ആ മനസ്സ് ഞങ്ങളിലെത്തട്ടെ! (രണ്ടാമഷ്ടകം. അ. 1, സൂ. 1).

ശിവനെപ്പറ്റിയുള്ള ഒറ്റ സ്തോത്രം പോലും ഋഗ്വേദത്തിലില്ല. അതുപോലെ, ദേവീപൂജയും ലിംഗപൂജയുമില്ല. ഇന്ദ്രൻ, വരുണൻ, അഗ്നി, മിത്രൻ, മരുത്തുക്കൾ മുതലായവയായിരുന്നു ആര്യന്മാരുടെ പ്രധാന ദൈവങ്ങൾ.

ഈ ദൈവങ്ങളുടെയും അതോടൊപ്പം തന്നെ മൂർച്ചയേറിയ ആയുധങ്ങളുടെയും സഹായത്തോടെ അവർ അനാര്യന്മാരായ ആദിമനിവാസികൾക്കെതിരായി അനേകം യുദ്ധങ്ങൾ നടത്തി. കീഴടക്കപ്പെട്ട ആദിമനിവാസികളിലൊരുഭാഗം കൊല്ലപ്പെടുകയോ വനാന്തരങ്ങളിലേക്ക് ആട്ടിയോടിക്കപ്പെടുകയോ ചെയ്തു. അദ്ധ്വാനിക്കാൻ കഴിവുള്ളവർ അടിമകളാക്കപ്പെട്ടു. ചിലർ കീഴടങ്ങാൻ കൂട്ടാക്കാതെ ചെറുത്തുനിന്നു.

---

1. ശംബരൻ ദസ്യുക്കളുടെ ഒരു പ്രതാപശാലിയായ നായകനായിരുന്നുവെന്ന് ഊഹിക്കാം.

# 4 ദസ്യുക്കൾ തോറ്റതെന്തുകൊണ്ട്?

അപരിഷ്കൃതരായ ആര്യന്മാർ തങ്ങളേക്കാൾ പരിഷ്കൃതരായ ദസ്യുക്കളെ തോൽപ്പിച്ചു കീഴടക്കിയതെങ്ങനെയാണ്? ശ്രീധർമ്മാനന്ദ കോസാംബി തന്റെ 'ഭഗവാൻ ബുദ്ധൻ' എന്ന പുസ്തകത്തിൽ ഈ ചോദ്യത്തിനു മറുപടി പറയുന്നുണ്ട്. അദ്ദേഹം പറയുന്നതിതാണ്:

'ഒരേതരം ആചാരങ്ങളോടുകൂടിയ ഒരു ജനസമുദായം ആദിമകാലങ്ങളിൽ സുഖസമ്പൽസമൃദ്ധികളോടുകൂടി ജീവിതം നയിക്കുന്നു. കാലക്രമത്തിൽ അവരിൽ ഒരു ചെറിയവർഗക്കാർക്ക് അധികാരം മുഴുവൻ സിദ്ധിക്കുന്നു. അവർ സുഖസമൃദ്ധികളോടുകൂടി കഴിയുമ്പോൾ അധികാരലാഭത്തിനുവേണ്ടി പരസ്പരം മത്സരിക്കുന്നു. തന്മൂലം സാധാരണ ജനങ്ങളുടെ മേൽ കൂടുതലായ നികുതിഭാരം ചുമത്താനിടയാവുകയും, അതുകൊണ്ട് ജനങ്ങൾക്ക് അധികാരികളോട് വിദ്വേഷം വർദ്ധിക്കാൻ ഇടയാവുകയും ചെയ്യുന്നു. അപ്പോൾ അവരേക്കാൾ അപരിഷ്കൃരായ വിദേശികൾക്ക് ഒരുമിച്ചു ചേരാനുള്ള പഴുതു കിട്ടുന്നു. അവർ ഒത്തുചേർന്ന് ആക്രമിച്ചു രാജ്യം കീഴടക്കുന്നു. 13-ാം നൂറ്റാണ്ടിൽ ചെങ്കിസ്ഖാൻ മൊഗളന്മാരെ ഒരുമിച്ച് ചേർത്ത് എത്ര സാമ്രാജ്യങ്ങൾ സ്വാധീനമാക്കി? അപ്രകാരം ആര്യന്മാരും പരസ്പരം കലഹിച്ചിരുന്ന ദാസന്മാരെ അനായാസേന കീഴടക്കിയതിൽ ആശ്ചര്യപ്പെടാൻ യാതൊന്നുമില്ല.

ദാസവർഗക്കാർ ചെറിയ ചെറിയ പട്ടണങ്ങളിൽ വസിച്ചിരുന്നു. പട്ടണവാസികളായിരുന്ന അവർ പരസ്പരശത്രുത്വത്തോടെ വർത്തിച്ചിരുന്നു. ദാസന്മാരിൽ ദിവോദാസൻ ഇന്ദ്രനുമായി ചേർന്നുവെന്നും ഋഗ്വേദത്തിൽ പലേടത്തും പറഞ്ഞുകാണുന്നു. ദാസന്മാരുടെ നേതൃത്വം വൃത്രൻ എന്ന ഒരു ബ്രാഹ്മണനിൽ വന്നുചേർന്നു. അദ്ദേഹത്തിന്റെ ബന്ധുവായ ത്വഷ്ടാവ് ഇന്ദ്രന് ഒരു പ്രത്യേകതരം യന്ത്രം (വജ്രായുധം) സജ്ജമാക്കി സമർപ്പിച്ചു. അതിന്റെ സഹായത്തോടുകൂടി ഇന്ദ്രൻ ദാസന്മാരുടെ നഗരങ്ങൾ നശിപ്പിക്കുകയും ഒടുവിൽ വൃത്രബ്രാഹ്മണനെ നിഗ്രഹിക്കുകയും ചെയ്തു. □

## കെ. ദാമോദരൻ



കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേരളത്തിലെ സ്ഥാപകനേതാക്കളിൽ ഒരാളും മാർക്സിസ്റ്റ് സൈദ്ധാന്തികനും എഴുത്തുകാരനുമായിരുന്നു കെ. ദാമോദരൻ (ഫെബ്രുവരി 25, 1904–ജൂലൈ 3, 1976). മലപ്പുറം ജില്ലയിലെ തിരൂർ വില്ലേജിൽ പൊറൂർ ദേശത്ത് കീഴേടത്ത് എന്ന സമ്പന്ന നായർ കുടുംബത്തിൽ കിഴക്കിനിയേടത്ത് തുപ്പൻ നമ്പൂതിരിയുടേയും കീഴേടത്ത് നാരായണി അമ്മയുടേയും മകനായാണ് ദാമോദരൻ ജനിച്ചത്. കേരള മാർക്സ് എന്നാണ് അദ്ദേഹം വിശേഷിപ്പിക്കപ്പെട്ടിരുന്നത്. ‘പാട്ടബാക്കി’ എന്ന നാടകരചനയിലൂടെയും അദ്ദേഹം പ്രശസ്തനായി. കോഴിക്കോട് സാമൂതിരി കോളേജിൽ വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ ദേശീയപ്രസ്ഥാനങ്ങളോട് ആകർഷിക്കപ്പെട്ടു. നിയമലംഘന പ്രസ്ഥാനത്തിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു.

കാശിവിദ്യാപീഠത്തിലെ പഠനകാലഘട്ടം മാർക്സിസ്റ്റ് ആശയങ്ങളോട് താൽപര്യം വർദ്ധിപ്പിച്ചു. തികഞ്ഞ കമ്മ്യൂണിസ്റ്റുകാരനായാണ് കേരളത്തിൽ തിരിച്ചെത്തിയത്. പൊന്നാനി ബീഡിതൊഴിലാളി പണിമുടക്കിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു. നവയുഗം വാരികയുടെ പത്രാധിപരായിരുന്നു. പാർട്ടി പിളർന്നപ്പോൾ സി. പി. ഐ.-യിൽ ഉറച്ചുനിന്നെങ്കിലും അവസാനകാലത്ത് പാർട്ടിയിൽ നിന്നും അകന്നു. ജവഹർലാൽ നെഹ്റു സർവ്വകലാശാലയിൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് ചരിത്രം തയ്യാറാക്കാനുള്ള പഠനത്തിനിടെ 1976 ജൂലൈ 3-ന് അന്തരിച്ചു. പദ്മം ജീവിതപങ്കാളിയായിരുന്നു.

# പിൻകുറിപ്പ്

- സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകൾ വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക് ടോപ് ആപ്ലിക്കേഷനുകളോ ആവശ്യമില്ല. ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ടു് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.

## കെ ദാമോദരന്റെ സമ്പൂർണ്ണകൃതികൾ 4

### ഫോൺ പതിപ്പുകളുടെ കണ്ണികൾ

1. മണ്ണിനടിയിലെ അത്ഭുതങ്ങൾ
2. ആര്യന്മാരുടെ വിജയം
3. പ്രാചീനേന്ത്യയുടെ സാമൂഹ്യ-രാഷ്ട്രീയ പരിവർത്തനങ്ങൾ
4. തത്വചിന്തയുടെ ആരംഭം
5. ആസ്തികരും നാസ്തികരും
6. ലോകായതദർശനം
7. സാംഖ്യദർശനം
8. യോഗദർശനം
9. വൈശേഷികദർശനം
10. ന്യായദർശനം
11. മീമാംസ
12. ജൈന-ബുദ്ധമതങ്ങളുടെ പശ്ചാത്തലം
13. ജൈനദർശനം
14. ബൗദ്ധദർശനം
15. ബൗദ്ധദർശനത്തിന്റെ വളർച്ചയും അധഃപതനവും
16. പ്രാചീനേന്ത്യയിലെ സാഹിത്യവും കലയും ശാസ്ത്രവും
17. ഇന്ത്യയിലെ ഫ്യൂഡലിസം
18. ഹിന്ദുമതം
19. ശങ്കരാചാര്യരുടെ അദ്വൈതവാദം
20. വിശിഷ്ടാദ്വൈതവും ദ്വൈതവും
21. ഫ്യൂഡൽ വ്യവസ്ഥയിൽ പുതിയ സാമൂഹ്യശക്തികൾ
22. ഭക്തിപ്രസ്ഥാനം
23. ബ്രിട്ടീഷ് ഭരണം
24. ആയിരത്തെണ്ണൂറ്റി അമ്പത്തിയേഴ്
25. ദേശീയ നവോത്ഥാനത്തിന്റെ മതപരിഷ്കരണ പ്രസ്ഥാനങ്ങൾ
26. സ്വാമി വിവേകാനന്ദൻ
27. ശ്രീ നാരായണ ഗുരു
28. ദേശീയപ്രസ്ഥാനത്തിന്റെ മുന്നേറ്റം
29. ലോകമാന്യതിലകനും അരവിന്ദഘോഷും
30. രവീന്ദ്രനാഥ ടാഗോർ
31. മഹാത്മാഗാന്ധി
32. ദാർശനികരംഗത്തെ വൈരുദ്ധ്യങ്ങൾ
33. പുതിയൊരു തത്വശാസ്ത്രത്തിലേക്ക്

### വെബ് പതിപ്പു കണ്ണികൾ

1. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 1
2. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 2
3. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 3
4. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 4
5. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 5
6. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 6
7. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 7
8. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 8
9. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 9
10. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 10